**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ സ്റ്റേറ്റ് മുനിസിപ്പൽ കെട്ടിടം പുതുക്കിപ്പണിയുന്നതിന് നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 538/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06/03/2019

പരാമർശം:- ചേംബർ മുനിസിപ്പൽ ചെയർമെന്നിന്റെ 12/12/2018 ലെ SMH No. 739/2018 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരളത്തിലെ 87 നഗരസഭകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഔദ്യോഗിക ആവശ്യങ്ങൾക്കായി തലസ്ഥാനത്തെത്തുമ്പോൾ താമസത്തിനും വിശ്രമത്തിനും ആശ്രയിക്കുന്ന സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ് കെട്ടിടം കാലപ്പഴക്കം കൊണ്ടും യഥാസമയം അറ്റകുറ്റപണികൾ ചെയ്യാതെയും ജീർണ്ണാവസ്ഥയിൽ ആണെന്നും, ടി കെട്ടിടം പുതുക്കി പണിയുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകാൻ നഗരസഭകൾ സന്നദ്ധരായതിനാൽ ഇതിലേക്കായി ഓരോ നഗരസഭയും 3,00,000/- (മൂന്ന് ലക്ഷം) രൂപ വീതം പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച് സർക്കാർ ഉത്തരവ് നൽകണമെന്നും പരാമർശ കത്ത് പ്രകാരം ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ് നവീകരണത്തിനായി നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപ വീതം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതയ്ക്കാട്, തിരുവനന്തപുരം - 695010
എല്ലാ നഗരസഭകൾക്കും (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.